കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടോട്ടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം25/165/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 07.02.2017

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ / സെക്രട്ടറി മുഖേന

കൊണ്ടോട്ടി നഗരസഭ

സർ,

വിഷയം : കൊണ്ടോട്ടി നഗരസഭ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ ,നഗരകാര്യവകുപ്പ് ,തിരുവനന്തപുരം

3)റിജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് ,കോഴിക്കോട്

4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം25/165/2017 തിയ്യതി:07.02.2017

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-11-2015 മുതൽ 05-01-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ.ഷാജി

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-01-2017 മുതൽ 19-01-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹമാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അലി അക്ബർ | സീനിയർഗ്രേഡ് ഓഡിറ്റർ |
| ശ്രീ. രാമകൃഷ്ണൻ .ടി | ഓഡിറ്റർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

ചെയർമാൻ

| | |
|---|---|
| ശ്രീ.വി.കെ. നാടികുട്ടി | 01-11-2015 മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ആർ .അനിൽകുമാർ (ഇൻ ചാർജ്) | 01.11.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബീന നായർ | 01.11.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. നാരായണൻ | 01.11.2015 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| | ഡോ.നവീൻ | 01.11.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. പ്രസീദബായ് | 01.11.2015 മുതൽ 31.03.2016 വരെ |
| | ശ്രീമതി.ജയശ്രീ .പി | 01.11.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. മൊയ്തീൻകുട്ടി | 01.11.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(സി എച്ച് സി ) | ഡോ. സുരേഷ്ബാബു.സി | 01.11.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷെബിൻ പി എ | 01.11.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജംഷീറ .പി | 01.11.2015 മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. രശ്മി ആർ | 04.03.2015 മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| II ഭാഗം<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ | 2-1 | |
| 13 | ബസ് സ്റ്റാന്റ് പിരിവ് - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 2-2 | |
| 14 | വാടക വരവ് -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 2-3 | |
| 15 | പരസ്യ നികുതി സംബന്ധിച്ച് | 2-4 | |

| | | | |
|---|---|---|---|
| 16 | തറവിസ്തീർണ്ണത്തിനാനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 2-5 | |
| 17 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 2-6 | |
| 18 | വിനോദനികുതി പിരിവ് - അപാകതകൾ | 2-7 | |
| 19 | വസ്തുനികുതി പിരിവ് - അപാകതകൾ | 2-8 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | ആർജ്ജിതാവധി സറണ്ടർ അധിക തുക നൽകി | 3-1 | |
| 21 | റോഡ് പ്രവൃത്തിക്ക് അധികതുക നൽകി -90100 രൂപ തിരിച്ചടച്ചു | 3-2 | |
| 22 | ദിവസവേതന നിയമനം -രേഖകൾ ലഭ്യമല്ല | 3-3 | |
| 23 | പത്രപ്പരസ്യം - അധികപണം നൽകി | 3-4 | |
| 24 | എസ്റ്റിമേറ്റിലെ അപാകത 15449 രൂപ അധിക ചെലവ് | 3-5 | |
| 25 | ചെലവ് അനുബന്ധ രേഖകൾ ലഭ്യമല്ല | 3-6 | |
| 26 | വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല | 3-7 | |
| 27 | മരുന്ന് ലഭ്യമാക്കിയില്ല | 3-8 | |
| 28 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - അപാകതകൾ | 3-9 | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

# 1-1 ഭാഗം -1

1-1. ബജറ്റ്

2015-16ലെ ബജറ്റ് 17.03.2015 ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|---|

| | തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2015 | 20-07-16 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17-01-2017 മുതൽ 18-01-2017 വരെ | കെ.എസ്.എ.എം.പി.എം 25/165/2017 തീയതി: 07-02-17 |

അപാകതകൾ

1. ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പെമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.
2. ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
3. അക്രുവൽ അടിസ്ഥാനത്തിലെക്ക് മാറുന്ന തൊട്ടുമുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. നഗരസഭ തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.
5. വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
6. ബിൽഡിംഗ് പെർമിറ്റ് റഗലറൈസേഷൻ ഫീസ് ,ബിൽഡിംഗ് പെർമിറ്റ് ഫീസ്,വാടക എന്നീ വരവിനങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.മൽസ്യമാർക്കറ്റ് ലേലമിനത്തിൽ 51,000 രൂപ വരവുണ്ടെങ്കിലും വിവരം വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
7. വൗച്ചർ ലിസ്റ്റ് സൂക്ഷിക്കുകയോ ,വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.
8. ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ലോൺ ഇനത്തിൽ 38,45,000 രൂപ ബാധ്യത കാണിച്ചിട്ടുണ്ട്.
9. ഡെപ്പോസിറ്റ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ 'B 7' രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. ശരിയായി വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
10. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ 'B 18' രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. ശരിയായി വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
11. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പ്രകാരമുള്ള വർഷാവസാനമിച്ചം /കമ്മി ഫണ്ട് ബാലൻസ് ഷീറ്റിലേക്ക് മാറ്റിയപ്പോൾ തുക വ്യത്യാസമുണ്ട്.
12. തൊഴിൽ രഹിതവേതനം ചെലവുതുക വാർഷികകണക്കും എ.സി. ആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
13. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി മുൻവർഷ നീക്കിയിരിപ്പ് തുക ,ടി എസ് സി ഫണ്ട് മുൻവർഷ നീക്കിയിരിപ്പ് തുക ,ടി എസ് ബി അക്കൗണ്ട് മുൻവർഷ നീക്കിയിരിപ്പ് തുക,തനത്ഫണ്ട് എന്നീ ഇനങ്ങളിലെ മുൻവർഷ നീക്കിയിരിപ്പ് തുകകൾ (എല്ലാം കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഒന്നിനും റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

   സാക്ഷരത (587 രൂപ), പോസ്റ്റോഫീസ് സേവിംഗ് ബാങ്ക് (636.75 രൂപ) എന്നിവയുടെ പാസ്ബുക്കുകൾ ലഭ്യമല്ല.
14. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി മുൻവർഷ നീക്കിയിരിപ്പ് തുക ,സാക്ഷരത, തനത്ഫണ്ട് എന്നീ ഇനങ്ങളിലെ മുൻവർഷ നീക്കിയിരിപ്പ് തുകകൾ (എല്ലാം നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്)വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഒന്നിനും റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

ഒ എ പി (വിജയാബാങ്ക് ) ഇനത്തിൽ 10,913 രൂപ വരവുണ്ടെങ്കിലും പാസബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

15. കാറ്റഗറി എ, ,ബി ഇനങ്ങളിലെ വരവുതുകകൾ എ സി ആറിലും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
16. കാറ്റഗറി എ,ബി,സി ഫണ്ടുകളുടെ മുന്നിരിപ്പ് തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എ.സി. ആറിൽ മുന്നിരിപ്പ് തുകയില്ല.
17. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ചെലവുതുക അക്കൗണ്ട് ചെയ്തിട്ടില്ല.
18. എസ്.എസ്.എ വരവുതുക അക്കൗണ്ട് ചെയ്തിട്ടില്ല. ടി.എസ്.സി വരവ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
19. ബാങ്ക് ബുക്ക് ,കാഷ്ബുക്ക് എന്നിവ ദൈനദിന ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാസാന്ത്യ റീക്കൺസിലേഷൻ നടത്തിയിട്ടില്ല.
20. ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 2015-16 ൽ അനുവദിച്ച 1,10,085 രൂപ മെഡിക്കൽ ഓഫീസർ (പി എച്ച് സി , നെടിയിരിപ്പ്) 2016-17 ലാണ് വിനിയോഗിക്കുന്നത് . തുക അക്കൗണ്ട് ചെയ്തിട്ടില്ല.

21) ജി ഒ (പി) നം.419/15/ഫിൻ തി.19.09.2015 ഉത്തരവ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർണ്ണമല്ല.

1-4 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | -ഇല്ല - | 4,45,36,306.82 |
| വരവ് | | 6,13,09,309 |
| ആകെ | | 10,58,45,615.82 |
| ചെലവ് | | 7,53,71,778 |
| നീക്കിയിരുപ്പ് | | 3,04,73,837.82 |

1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7180859 | - | 16040327 | 23221186 | 21432419 | 1788767 | 92 |
| വികസനഫണ്ട് എസ്.സി.പി. | 311078 | - | 13300387 | 13611465 | 5932283 | 7679182 | 44 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | - | 249000 | 258000 | 249000 | 9000 | 97 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | - | - | - | - | - | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1515017 | - | 6122087 | 7637104 | 6325921 | 1311183 | 97 |
| പെർഫോമൻസ് ഗ്രാന്റ് | 226144 | - | 2708144 | 2934288 | 2651467 | 282821 | 98 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 173385 | - | 19659738 | 19833123 | 19833123 | - | 100 |

| ബി ഫണ്ട് | - | - | 638480 | 638480 | 638480 | - | 100 |
|---|---|---|---|---|---|---|---|

കുറിപ്പ്;-ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് മുനിസിപ്പാലിറ്റി ചെയ്തിട്ടില്ല . അപാകതകൾ വിശദമായി 1-3 ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണ ഗ്രാന്റ് റോഡ്, നോൺ - റോഡ് എന്നിവയുടെ മുൻബാക്കി, വരവ്, ചെലവ് എന്നിവയുടെ വ്യക്തമായ വിവരം നഗരസഭ ലഭ്യമാക്കിയിട്ടില്ല.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 439 | 113661669 | 282 | 70476891 | 3 | 154 | 64.23 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം.

2015-16

2015-16വർഷത്തെ നഗരസഭയുടെ തനത് വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | 1,01,43,544 | | |
| നികുതിയേതര വരവുകൾ | | 13,51,920 | | |
| മറ്റുവരവുകൾ | | 4,76,950 | | |
| ആകെ | | 1,19,72,414 | | |

1-8 ക്ഷേമപദ്ധതികൾ

തൻ വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 3,18,480 | 304 |
| കർഷക തൊഴിലാളി പെൻഷൻ | ഇല്ല | |
| വിധവാ പെൻഷൻ | ഇല്ല | |
| വാർദ്ധക്യകാല പെൻഷൻ | ഇല്ല | |
| വികലാംഗ പെൻഷൻ | ഇല്ല | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | ഇല്ല | |
| വിവാഹ ധനസഹായം | 3,20,000 | 15 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-01-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,49,697 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർ ഉത്തരവ് 177/2006 ഫിൻ, തിയ്യതി: 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവ്വഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ഐ സി ഡി എസ് സൂപ്പർവൈസർ,വെറ്ററിനറി സർജ്ജൻ എന്നിവർ TR7 A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.വെറ്ററിനറി സർജ്ജൻ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) , കൃഷി ഓഫീസർ എന്നിവർ അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല ആയത് ഉറപ്പുവരുത്തേണ്ടതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംകുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. സാംഖ്യാ സഞ്ജയ സോഫ്റ്റ് വെയർ ലിങ്കിംഗ്(മാപ്പിംഗ്) പൂർത്തീകരിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടത്തിയിട്ടില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ

കൊണ്ടോട്ടി മുനിസിപ്പാലിറ്റി (01-11-2015 മുതൽ 31-03-2016 വരെ), കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് (01-04-2015 മുതൽ 31-10-2015 വരെ) നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് (01-04-2015 മുതൽ 31-10-2015 വരെ) എന്നീ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല.
- പെർമിറ്റ് ഫയലുകൾ കൃത്യമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. മുഴുവൻ പെർമിറ്റ് ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1), (2), (3) എന്നിവയിൽ നിർദേശിച്ചത് പോലെ വിവരങ്ങൾ ഫോറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നടപടിക്രമം പാലിച്ച് മൂന്നിരട്ടി നികുതി ഈടാക്കിയിട്ടില്ല.
- കെട്ടിട നിർമ്മാണ രജിസ്റ്ററിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
- കെട്ടിട നിർമ്മാണ അപേക്ഷ ഫയലുകളിൽ അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ പലതിലും രേഖപ്പെടുത്തിയിട്ടില്ല. ആധാരത്തിന്റെ പകർപ്പ് എല്ലാ അപേക്ഷകളിലും ഉള്ളടക്കം ചെയ്തിട്ടില്ല.

### 2-2 ബസ് സ്റ്റാന്റ് പിരിവ് – രേഖകൾ ലഭ്യമാക്കേണ്ടതാണ്.

കൊണ്ടോട്ടി നഗരസഭയുടെ ബസ് സ്റ്റാന്റ് പിരിവ് ഇനത്തിൽ 2015-16 വർഷത്തിൽ 2,16,183 രൂപ വരവുണ്ട് .പിരിവ് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ ഉൾപ്പെടെ മുഴുവൻ വിവരങ്ങളും ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

28.02.2015 ലെ 3(2)നം.കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരം ബസ് സ്റ്റാന്റ് എൻട്രൻസ് ഫീസ് പിരിച്ചെടുക്കുന്നത് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഫീസ് ഗ്രാമപഞ്ചായത്ത് നേരിട്ട്

പരിച്ചെടുക്കുവാനും ദിവസക്കൂലിക്ക് ആളെ വെക്കുവാനും തീരുമാനിച്ചു. ആയത് പ്രകാരം ഫീസിനത്തിൽ തുക വരവുണ്ടെങ്കിലും തുക പിരിക്കുവാൻ വിനിയോഗിച്ച രശീതി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ വരവ് സംബന്ധിച്ച ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. രശീതി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 വാടക വരവ് – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കൊണ്ടോട്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും 2015-16 വർഷത്തിലെ വാടക വരവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 വർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ 25,798 രൂപ ഡിമാന്റും 23,532 രൂപ വരവും 2266രൂപ കുടിശ്ശിക ബാക്കിയുമുണ്ട്. തുക പിരിച്ചെടുത്തതിന്റെയും പിരിച്ചടുക്കുവാൻ ബാക്കിയുള്ളവരുടെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)നെടിയിരിപ്പ് വനിതാവ്യവസായ യൂണിറ്റ് 10.03.2015ന് ലേലം കൊണ്ട ശ്രീ. മൊയ്തീൻ.കെ ,കുറ്റിക്കാട്ടിൽ ,കുഴിമണ്ണ പി ഒ എന്നയാളുമായി 01.04.2015 ന് ചമച്ച ഉടമ്പടി പ്രകാരം ,പ്രതിമാസം 1250 രൂപ മാസവാടക നിരക്കിൽ ഒരുവർഷത്തേക്കാണ് നൽകിയിട്ടുള്ളത്.എന്നാൽ താഴെ പറയും പ്രകാരം മാത്രമാണ് തുക അടവാക്കിയതായി കാണുന്നത്.

| | | |
|---|---|---|
| സെക്യൂരിറ്റി | 3250 രൂപ | രശീതി നം.11404106939/10.03.2015 |
| ആദ്യ ഗഡു | 2500 രൂപ | രശീതി നം.11513100315/23.04.2015 |
| രണ്ടാം ഗഡു | 3900 രൂപ | രശീതി നം.11513102293/04.08.2015 |
| ആകെ | 9650 രൂപ | |
| അടവാക്കാൻ അവശേഷിക്കുന്നത് | | 5350 + പലിശ |

ഓരോ കലണ്ടർ മാസവും 5-ാം തീയ്യതിക്കകം തുക നൽകണം അല്ലാത്ത പക്ഷം 2% പലിശ സഹിതം തുക അടവാക്കണം എന്ന് കരാറിൽ വ്യവസ്ഥയുണ്ടായിരിക്കെ നാളിതുവരെയും ശേഷിച്ച തുക ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.31/18.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. അടവാക്കാൻ അവശേഷിക്കുന്ന 5350 രൂപ + പലിശ ഈടാക്കി മുനിസിപ്പൽ ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ,കുടിശ്ശിക തുക പിരിച്ചെടുത്തതിന്റെയും പിരിച്ചടുക്കുവാൻ ബാക്കിയുള്ളവരുടെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 01.11.2015 മുതൽ 31.03.2016 വരെ താഴെ പറയും പ്രകാരം പരസ്യ നികുതിയിനത്തിൽ 71,000 രൂപ വരവുണ്ട്.

ലേല നടപടികളിലൂടെയാണ് പരസ്യനികുതി പിരിച്ചെടുക്കുന്നത്.നിയാമനുസൃതം ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം നേടിയിട്ടില്ല.മുഴുവൻ തുകയും സമയബന്ധിതമായി പിരിച്ചെടുത്തിട്ടുണ്ട്. നിയാമനുസൃതം ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം നേടി പരസ്യനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 2-5 തറവിസ്തീർണ്ണത്തിനാനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രകാരം കാറ്റഗറി I വില്ലേജ് പഞ്ചായത്തുകളിൽ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വാസഗ്രഹങ്ങൾക്ക് മീറ്റർ സ്ക്വയറിന് 5 രൂപ പ്രകാരം പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. 150 മീറ്റർ സ്ക്വയർ വരെയുള്ള വാസഗ്രഹ നിർമ്മാണത്തിന് മേൽ തുകയുടെ പകുതിയാണ് പെർമിറ്റ് ഫീ. വാസഗ്രഹങ്ങളല്ലാത്ത നിർമ്മാണങ്ങൾക്ക് മീറ്റർ സ്ക്വയറിന് 7 രൂപയും ഈടാക്കേണ്ടതാണ്. ചട്ടം 135(3) പ്രകാരം കെട്ടിട നിർമ്മാണ ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പുതിയ നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുമ്പോഴത്തെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അതുപോലെ ചട്ടം 137(4) പ്രകാരം ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീ പെർമിറ്റ് ഫീയുടെ ഇരട്ടിയായി നിജപ്പെടുത്തിയിട്ടുമുണ്ട്. 2015-16 വർഷത്തിൽ കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകരിൽ ചുവടെ ചേർക്കുന്നവരിൽ നിന്ന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ/തിയ്യതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം (പെർമിറ്റ് ആവശ്യകത) | തറ വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ് ഫീ | കുറവ് | റസീറ്റ് നമ്പർ/തിയ്യതി |
|---|---|---|---|---|---|---|---|
| 5480/15 തി.22-07-2015 | സൈതാലി ഹാജി, കൊടശ്ശേരി ഹൗസ്, കാലിക്കറ്റ് എയർപോർട്ട് | വാസഗൃഹം (ക്രമവൽകരണം) | 209.86 m2 | 2099 | 840 | 1259 | 100565/09-12-2015 |
| 5479/15 തി.22-07-2015 | സൈതാലി ഹാജി, കൊടശ്ശേരി ഹൗസ്, കാലിക്കറ്റ് എയർപോർട്ട് | വാസഗൃഹം (ക്രമവൽകരണം) | 209.86 m2 | 2099 | 840 | 1259 | 100504/09-12-2015 |
| ആകെ കുറവ് | | | | | | 2518 | |

കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 2518 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി പിരിവ് – അപാകതകൾ

കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 1996 പ്രകാരം , കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിൽ തൊഴിൽ നികുതി പിരിവിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി അടക്കാത്തത്

താഴെ പറയുന്ന സ്ഥാപനങ്ങളുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി മുൻസിപ്പാലിറ്റിയിൽ അടവ് വരുത്തിയതായി കാണുന്നില്ല.

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | പ്രീതി textiles | |
| 2 | ദർശന textiles | |
| 3 | പോമോണ textiles | |
| 4 | കേരള ഹെഡ് ലോഡ് വർകേഴ്സ് welfare board | |
| 5 | ദുബൈ ഗോൾഡ് | ഓഡിറ്റ് എൻക്വയറി പ്രകാരം അടച്ച.രസീതി നം.1160210912930/7-1-17 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി അടച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

2.സ്ഥാപന നികുതി അടക്കാത്തത്

താഴെ പറയുന്ന സ്ഥാപനങ്ങളുടെ രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന നികത്തി അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| BSNL | |
| അറ്റ്ലസ് ലോജിസ്റ്റിക്ഡ് | |
| ഇന്ത്യ സിമന്റ്സ് | |
| HDFC ബാങ്ക് | |
| പോപ്പുലർ വെഹിക്കിൾസ് | ഓഡിറ്റ് എൻക്വയറി പ്രകാരം |

| | |
|---|---|
| | അടച്ച.രസീതി നം.11602109482/18-1-17 |

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല

2015–2016 തൊഴിൽ നികുതി ഡിമാന്റ്ഡ് രജിസ്റ്റർ പൂർണ്ണമല്ല. രണ്ടാം അർധവർഷത്തിലെ വരുമാനം രജിസ്റ്ററിൽ പലപ്പോഴും ചേർക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ ആവശ്യമായ മുഴുവന്റ് വിവരങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-7 വിനോദ നികുതി പിരിവ് - അപാകതകൾ

മുൻസിപ്പാലിറ്റിയിലെ 01/11/2015 മുതൽ 31/03/2016 വരെ കാലയളവിൽ തീയറ്ററുകളുടെ സീറ്റുകളുടെയും പ്രദർശനങ്ങളുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭക്കേണ്ട പരമാവധി വിനോദ നികുതി താഴെ സൂചിപ്പിക്കുന്നു.

| തീയറ്ററുകളുടെ എണ്ണം | സീറ്റുകളുടെ എണ്ണം( ഫയൽ പ്രകാരം) ക്ലാസ്സ് 1 | ശരാശരി പ്രദർശനങ്ങളുടെ എണ്ണം(ഡി.സി.ആർ പ്രകാരം | ഒരു ദിവസത്തെ ശരാശരി ടിക്കറ്റുകളുടെ എണ്ണം | ശരാശരി വിനോദ നികുതി നിരക്ക് (%..... ) | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | 01/11/2015 മുതൽ 31/03/2016 വരെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|
| 1 | കൽപ്പക തിയേറ്റര് | 3 | 140.57 | 20 | -/2343 | -/351450 |
| 2 | കവിത തീയറ്റര് | 3 | 63.49 | 20 | -/741 | -/111150 |

1. മുൻസിപ്പാലിറ്റിയിലെ ബജറ്റിൽ കണക്കാക്കിയിരിക്കുന്ന ഡിമാന്റ് , വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് പ്രകാരം | 500000/- |
| വാർഷിക കണക്ക് പ്രകാരം | 338917/- |

പ്രതീക്ഷിത ഡിമാന്റും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റും തമ്മിൽ 123683/- രൂപയുടെയും, വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റും ബജറ്റ് പ്രകാരമുള്ള ഡിമാന്റും തമ്മിൽ 161083/- രൂപയുടെയും വ്യത്യാസം കാണുന്നുണ്ട്.

2. മുൻസിപ്പാലിറ്റിയിലെ ടിക്കറ്റ് സീൽ ചെയ്ത് കൊടുക്കുന്നതിലെ കൃത്യതയും പ്രതീക്ഷിത വിനോദ നികുതിയും യഥാർത്ഥത്തിൽ ലഭ്യമായ വിനോദ നികുതിയും തമ്മിലുള്ള താരതമ്യം താഴെ കൊടുക്കുന്നു.

| തീയറ്ററിന്റെ പേര് | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | സീൽ ചെയ്ത് കൊടുത്തത് | വ്യത്യാസം | 01/11/2015 മുതൽ 31/03/2016 വരെ പ്രതീക്ഷിത വിനോദ നികുതി | മുൻസിപ്പാലിറ്റിയിൽ വരവ് വെച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| കൽപ്പക തീയറ്റർ | 374 | 17370 | 18000 | 630 | 351450/- | 256494 | 94956 |
| കവിത തീയറ്റർ | 127 | 7106 | 9500 | 2394 | 111150/- | 82423 | 28727 |

മേൽ പട്ടിക പ്രകാരം ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതിയും, ഗ്രാമപഞ്ചായത്തിൽ വരവ് വെച്ച നികുതിയും തമ്മിൽ രൂപ 123683/- വ്യത്യാസമുണ്ട്. ഒരു വർഷത്തെ പരമാവധി ടിക്കറ്റുകളും പഞ്ചായത്ത് സീൽ ചെയ്ത് കൊടുത്ത ടിക്കറ്റുകളും തമ്മിൽ 3024ടിക്കറ്റുകളുടെ വ്യത്യാസമുണ്ട്.

റിലീസിംഗ് ദിവസങ്ങളിൽ 50% സീറ്റുകളിൽ പോലും കാണികൾ ഉള്ളതായി കാണുന്നില്ല. വിശേഷ ദിവസങ്ങളിലും കുറവ് പ്രേക്ഷകർ മാത്രമേ ഉള്ളൂ. കവിത തീയറ്ററിൽ ക്രിസ്തുമസിന് ആകെ 10% സീറ്റുകളിൽ മാത്രമേ കാണികൾ ഉള്ളൂ.

| 01/11/2015 മുതൽ 31/03/2016 വരെ | പ്രതീക്ഷിത വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 462600/- |
| ശരാശരി 50% ആളുകളെ പ്രതീക്ഷിച്ചാൽ | 3164625/- |
| ശരാശരി 25% ആളുകളെ പ്രതീക്ഷിച്ചാൽ | 1582312/- |
| ശരാശരി 10% ആളുകളെ പ്രതീക്ഷിച്ചാൽ | 632925/- |

മേൽ പട്ടികയിൽ നിന്നും മുൻസിപ്പാലിറ്റിയിൽ രണ്ട് തീയറ്ററുകളിലും മൊത്തം സീറ്റ് കപ്പാസിറ്റിയുടെ 10% സീറ്റിന്റെ വിനോദ നികുതി മാത്രമേ മുൻസിപ്പാലിറ്റിയിൽ അടവ് വന്നിട്ടുള്ളൂ. ഓഫീസ് ഉത്തരവ് പ്രകാരം തീയറ്ററുകളിൽ പരിശോധന നടത്തുന്നതിന് ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെൻകിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനോദ നികുതി കാര്യക്ഷമമായി പിരിച്ചെടുത്ത് മുൻസിപ്പാലിറ്റിയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു.

## 2-8 വസ്തു നികുതി പിരിവ് – അപാകതകൾ

മുൻസിപ്പാലിറ്റിയിൽ ഇപ്പോഴും വസ്തു നികുതി പിരിക്കുന്നത് 17/12/2011 ലെ പഞ്ചായത്തിന്റെ തീരുമാനം നം: A1 – 8970/2011 പ്രകാരമാണ്. കൊണ്ടോട്ടി നഗരസഭ 2015 നവംബർ 1ാം തീയതി കൊണ്ടോട്ടി, നെടിയിരിപ്പ് എന്നീ രണ്ട് ഗ്രാമ പഞ്ചായത്തുകൾ ചേർത്ത് രൂപം കൊണ്ട നഗരസഭയാണ്. ഇപ്പോഴും കൊണ്ടോട്ടി, നെടിയിരിപ്പ് എന്നീ രണ്ട് ഗ്രാമ പഞ്ചായത്തുകളുടെ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് വസ്തു നികുതി ഈടാക്കുന്നത്. രണ്ട് പഞ്ചായത്തുകളുടെയും സഞ്ചയ സോഫ്റ്റ് വെയറുകൾ I.K.M നോട് മെർജ് ചെയ്ത് നൽകാൻ മുൻസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടും സാങ്കേതിക പ്രയാസം മൂലം പൂർത്തീകരിച്ചിട്ടില്ല. പുതിയ കെട്ടിടങ്ങൾക്ക് 03/06/2016 ലെ കൌൺസിൽ തീരുമാന പ്രകാരം മുൻസിപ്പാലിറ്റി നിരക്കിൽ നികുതി ഈടാക്കുന്നുണ്ട്. 29/11/2016 ലെ 2(1) തീരുമാന പ്രകാരം എല്ലാ കെട്ടിടങ്ങൾക്കും മുൻസിപ്പാലിറ്റി നിരക്കിൽ വസ്തു നികുതി പിരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും വസ്തു നികുതി പിരിക്കുന്നത് പഞ്ചായത്ത് നിരക്കിൽ തന്നെയാണ്.

നടപടി ക്രമങ്ങൾ ഉടൻ പൂർത്തിയക്കി വസ്തു നികുതി കുടിശ്ശികയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1. നഗരസഭ പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങൾ, മൊബൈൽ ടവറുകൾ എന്നിവയുടെ നികുതി അടവ് വിവരങ്ങൾ ഓഡിറ്റ് എൻക്വയറി (നം: 32/19-01-2017) വഴി ആവശ്യപ്പെട്ടുവെന്കിലും ഒരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
2. മൊയ്തീൻ കുട്ടി വൈദ്യർ സ്മാരകത്തിന് വസ്തു നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം : 32/ 19.01.2017) നൽകിയ മറുപടിയിൽ, കേരള പഞ്ചായത്ത് രാജ് ആക്ട് & റൂൾ 207 സെക്ഷൻ (ഇ) പ്രകാരം പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകൾക്കും, കളി സ്ഥലങ്ങൾക്കും വസ്തു നികുതി ഒഴിവാക്കാം എന്നാണ് സെക്രട്ടറി വിശദീകരിച്ചിട്ടുള്ളത്. അതിനാൽ പ്രസ്തുത മറുപടി പരിഗണിച്ച്, പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലയും, കളി സ്ഥലവും ഒഴിച്ച് ബാക്കി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കി രശീത് അക്കാര്യം അറിയിക്കേണ്ടതാണ്.

## 2-9 വസ്തു നികുതി പിരിവ് - കുറവ് പിരിച്ചത് -നഷ്ടം 3959

1. 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടം പ്രകാരം പൊതു ഉപയോഗത്തിനായി മാറ്റി വെച്ച ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളോട് കൂട്ടി ചേർത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ, കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിൽ 2015-2016 കാലയളവിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി പൂർണ്ണമായി പിരിച്ചിട്ടില്ല.

| ക്രമ നം: | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം | വസ്തു നികുതി പിരിച്ചത്/രശീതി നം: & തീയതി | വസ്തു നികുതി പിരിക്കേണ്ടത് | നഷ്ടം സംഭവിച്ചത് |
|---|---|---|---|---|---|
| 1 | നഫീസ കളത്തിങ്ങൽ കൊളത്തൂർ | ഫസ്റ്റ് ഫ്ളോർ 117.29 m2 | 103.32 m2 രൂ. 4716/- | 117.29 m2 രൂ. 5912/- | രൂ.1195/- |

| | | | | | |
|---|---|---|---|---|---|
| | | | രശീതി നം: 15/1482 മുതൽ 15/1487 വരെ തീയതി 01/02/2016 | | |
| 2 | നഫ്സൽ അഫ്സൽ ചീക്കോട് പോസ്റ്റ് | ഗ്രൗണ്ട് ഫ്ളോർ 69.54 m2 ഫസ്റ്റ് ഫ്ളോർ 127.59 m2 | ഗ്രൗണ്ട് ഫ്ളോർ 45.2 m2 രൂ. 2113/- ഫസ്റ്റ് ഫ്ളോർ 93.76 m2 രൂ. 4279/- രശീതി നം: 1/4101143 മുതൽ 1/49 വരെ തീയതി 01/01/2016 | ഗ്രൗണ്ട് ഫ്ളോർ 69.54 m2 രൂ. 3338/- ഫസ്റ്റ് ഫ്ളോർ 127.59 m2 രൂ. 5818/- | രൂ. 2764/- |
| | | | | ആകെ | 3959 |

മേൽ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി മുൻസിപ്പാലിറ്റിയിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആർജ്ജിതാവധി സറണ്ടർ അധികം നൽകി.

കൊണ്ടോട്ടി, നെടിയിരുപ്പ് ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ ₹ 18000 നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21500425/03.11.2015 ₹ 9000, 21500222/26.03.2016 ₹ 9000)

GO(P) No.324/2004/Fin12/7/2014 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല.

അതിനാൽ അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| പേര് | അർഹമായത്@ 15 ദിവസം | നൽകിയത് | അധികം | കുറിപ്പ് |
|---|---|---|---|---|
| ശ്രീ ഷിഹാബുദ്ദീൻ | 13500*15/30 =6750 | 9000 | 2250 | വൗച്ചർ നമ്പർ 21500425/ 03.11.2015 ₹ 9000, |
| ശ്രീ കെ ഷബീറലി | 13500*15/30 =6750 | 9000 | 2250 | 21500222/ 26.03.2016 ₹ 9000 |
| | | ആകെ | 4500 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ7/12-1-17 ന് നൽകിയ മറുപടി തൃപ്തികരമല്ല

### 3-2 റോഡ് പ്രവൃത്തിക്ക് അധികം തുക നൽകി - ₹ 90100 തിരിച്ചടച്ചു

2015-16 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവഹണം നടത്തിയ NH കോളനി ശ്യാംജി- ചെരുപ്പടി റോഡ് ടാറിംഗ് (പ്രൊജ നമ്പർ 206/16 ) എന്ന പ്രവൃത്തിയിൽ ടെണ്ടർ പ്രകാരമുള്ള കുറവ് വരുത്താതെ കരാറുകാരന് പണം നൽകിയത് മൂലം അധികം നൽകിയ ₹ 90100 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ട്രഷറിയിൽ തിരിച്ചടച്ചു.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ദിവസ വേതന നിയമനം - രേഖകൾ ലഭ്യമല്ല.

കൊണ്ടോട്ടി നഗരസഭയിൽ 2015-16 വർഷത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| തസ്തിക | ജീവനക്കാർ |
|---|---|
| ഓഫീസ് ക്ലറിക്കൽ ജോലി | ശ്രീമതി സുപ്രിയ, ശ്രീമതി വിനീത, ശ്രീമതി മിനി |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ശ്രീമതി ഉമ്മുസൽമ |
| ഡ്രൈവർ | ശ്രീ അയ്യൂബ്, ശ്രീ അൻസാർ |

മേൽ ജീവനക്കാരെ നിയമിക്കുന്നതിന് ആധാരമാക്കിയ രേഖകൾ , ഭരണസമിതി തീരുമാനം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 പത്രപ്പരസ്യം - അധികം പണം നൽകി.

നഗരസഭയുടെയും, കൊണ്ടോട്ടി, നെടിയിരുപ്പ് ഗ്രാമപഞ്ചായത്തുകളുടെയും വിവിധ പരസ്യങ്ങൾപ്രസിദ്ധീകരിച്ച വകയിൽ പരസ്യ ചാർജ്ജ് ഇനത്തിൽ 2015-16 വർഷത്തിൽ ചന്ദ്രിക , ദേശാഭിമാനി, വീക്ഷണം എന്നീ പത്രങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നൽകാവുന്ന നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്കാണ് പത്രങ്ങൾക്ക് നൽകിക്കാണുന്നത്.

വിശദ വിവരം താഴെ നൽകുന്നു

| ഉത്തരവ് | കാലയളവ് | മലപ്പുറം നിരക്ക്( col*cm ) |
|---|---|---|
| GO(P)1/13 /I&PRD Dt. 22.01.2013 | 01.04.2012 മുതൽ | ചന്ദ്രിക – 210<br>ദേശാഭിമാനി- 59 |
| GO(P)17/15 /I&PRD Dt. 08.12.2015 | 01.04.2015 മുതൽ | ചന്ദ്രിക – 231<br>ദേശാഭിമാനി- 72 |

വീക്ഷണം പത്രത്തിന് കോഴിക്കോട് എഡിഷന് 01.04.2015 മുതൽ ഒരു col*cm ന് ₹ 81 ആണ് അംഗീകരിച്ചത്. വീക്ഷണം പത്രം മലപ്പുറം എഡിഷനിൽ പരസ്യത്തിന് സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്ട് ഇല്ല.

| പത്രം/ പരസ്യതിയ്യതി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം | കുറിപ്പ് |
|---|---|---|---|---|---|
| ചന്ദ്രിക/ 24.03.2015 | 4cm*2 col (4*8 cm2) | 3200 @ 100/cm2 | 1680 @ 210/col*cm | 1520 | 21500225/ 25.07.2015 – 8000 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ചന്ദ്രിക/ 19.03.2015 | 6cm*2 col (6*8 cm2) | 4800 @ 100/cm2 | 2520 @ 210/col*cm | 2280 | |
| ദേശാഭിമാനി/ 29.01.2016 | 6cm*2 col (5.5*8 cm2) | 5280 | 864 @ 72/col*cm | 4416 | 21500710/ 06.02.2016 – 12000 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ദേശാഭിമാനി/ 29.01.2016 | 7cm*2 col (7*8 cm2) | 6720 | 1008 @ 72/col*cm | 5712 | |
| വീക്ഷണം/ 29.01.2016 | 8cm*2 col (8*8 cm2) | 3840 | റേറ്റ് കോൺട്രാക്ട് ഇല്ല | 3840 | 21500720/ 12.02.2016 – 3840 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| വീക്ഷണം/ 29.01.2016 | 6cm*2 col (6*8 cm2) | 2880 | റേറ്റ് കോൺട്രാക്ട് ഇല്ല | 2880 | 21500721/ 12.02.2016 – 2880 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| വീക്ഷണം/ 19.02.2016 | 4cm*2 col | 1920 | റേറ്റ് കോൺട്രാക്ട് ഇല്ല | 1920 | 21500363/ 31.3.2016 – 6720 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |

| | | | | | |
|---|---|---|---|---|---|
| | (4*8 cm2) | | | | |
| ദേശാഭിമാനി/ 10.03.2016 | 5cm*2 col (5*8 cm2) | 4800 | 720 @ 72/col*cm | 4080 | |
| ചന്ദ്രിക/ 07.08.2014 | 6cm*2 col (6*8 cm2) | 4800 @ 100/cm2 | 2520 @ 210/col*cm | 2280 | 21500086/14.3.2016 – 43680 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ചന്ദ്രിക/ 18.03.2015 | 9cm*2 col (9*8 cm2) | 7200 @ 100/cm2 | 3780 @ 210/col*cm | 3420 | |
| ചന്ദ്രിക/ 23.05.2015 | 4cm*2 col (4*8 cm2) | 2880 | 1848 @ 231/col*cm | 1032 | |
| ചന്ദ്രിക/ 23.05.2015 | 4cm*2 col (4*8 cm2) | 2880 | 1848 @ 231/col*cm | 1032 | |
| ചന്ദ്രിക/ 04.08.2015 | 10cm*2 col (10*8 cm2) | 9600 | 4620 @ 231/col*cm | 4980 | |
| ചന്ദ്രിക/ 07.08.2015 | 9cm*2 col (9*8 cm2) | 8640 | 4158 @ 231/col*cm | 4482 | |
| ചന്ദ്രിക/ 21.06.2015 | 11cm*2 col (11*8 cm2) | 10560 | 5082 @ 231/col*cm | 5478 | |
| | | | ആകെ | 49352 | |

ബി) മേൽ സർക്കാർ ഉത്തരവ് പ്രകാരം പരസ്യത്തിന് സർക്കാർ അംഗീകരിച്ച മേൽ നിരക്കിൽ നിന്ന് 15% ഇളവ് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ ഇളവും ലഭ്യമായിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പത്രപ്പരസ്യത്തിന് പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ₹ 49352തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ8/12-1-17 ന് മറുപടി നൽകിയിട്ടില്ല.

## 3-5 എസ്റ്റിമേറ്റിലെ അപാകത ₹ 15449 അധികം ചെലവ്

2015-16 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവഹണം നടത്തിയ മൃഗാശുപത്രി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (പ്രൊജ നമ്പർ 47/16 ) എന്ന പ്രവൃത്തിയിൽ കരിങ്കല്ല് ഉപയോഗിച്ച് ഫൗണ്ടേഷൻ കെട്ടുന്നതിന് Dry Rubble Masonry ക്ക് പകരം Random Rubble Masonry നിരക്ക് അനുവദിച്ചത് വഴി അധികചെലവുണ്ടായി.

| | |
|---|---|
| പ്രവൃത്തി | മൃഗാശുപത്രി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (പ്രൊജ നമ്പർ 47/16 ) |
| സാങ്കേതികാനുമതി | AEE/LSGD/KTY/608/14-15 Dt.22.12.14 - ₹ 850000 |
| കരാറുകാരൻ | ശ്രീ. പി. സദ്ദാദ് |
| കരാർ നമ്പർ | 41/14-15 തി. 06.02.2015 |
| എം .ബുക്ക് | 26/15-16,50/14-15, 49/14-15 |
| ചെലവ് | 757766 ( ചെക്ക് നമ്പർ 1893667/6.8.2015 ₹ 378590, |

4128293/28.03.2016 ₹ 379176)

എസ്റ്റിമേറ്റ് ഇനം 3 പ്രകാരം കെട്ടിട നിർമാണത്തിന് തറകീറുന്നതിന് ഫൗണ്ടേഷൻ പ്രവൃത്തിക്ക് ഡ്രൈ റബ്ൾ മേസനറിക്ക് പകരം റാൻഡം റബ്ൾ മേസനറി നിരക്ക് അനുവദിച്ചത് വഴി അധിക ചെലവുണ്ടായി.

വിശദ വിവരം താഴെ നൽകുന്നു

| ഫൗണ്ടേഷൻ പ്രവൃത്തി അളവ് | അനുവദിക്കാവുന്ന നിരക്ക് (DR ) @2465 | നൽകിയത് (RR ) @4672 | അധികം |
|---|---|---|---|
| 7 ക്യു.മീ | 17255 | 32704 | 15449 |

എസ്റ്റിമേറ്റിൽ അപാകതമൂലം അധികം ചെലവഴിച്ച ₹ 15449 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സികൃൂട്ടിവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 ചെലവിന് അനുബന്ധ രേഖകൾ ലഭ്യമല്ല.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന ചെലവുകൾക്ക് അനുബന്ധരേഖകൾ ലഭ്യമല്ല.

| വൗച്ചർ നമ്പർ/ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 16/26.03.2016 | 300000 | IAY വിഹിതം നൽകുന്നതിന് പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്. എന്നാൽ പണം കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| 19/26.03.2016 | 800000 | |
| 20/26.03.2016 | 600000 | SSA വിഹിതം അടവാക്കിയത്. വിനിയോഗ വിവരം ഇല്ല. |
| ആകെ | 1700000 | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 1700000 തടസ്സം ചെയ്യുന്നു.

## 3-7 വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല.

നഗരസഭയിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 93294 രൂപ വീതം അടവാക്കിവരുന്നുണ്ട്. എന്നാൽ സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല.

ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന്

സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതും, പണം നൽകുന്നതിനനുസരിച്ച് ജലവിതരണം നടത്തുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-8 മരുന്ന് ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ആയുർവേദം)

2015- 2016 കാലയളവിൽ മെഡിക്ക ഓഫീസർ(ആയുർവ്വേദം), നിർവ്വഹണം നടത്തിയ, ഹോമിയോ ഡിസ്പെൻസറിയിലേക്ക മരുന്ന് വാങ്ങൽ( പ്രൊജക്റ്റ് നമ്പർ: 98) പ്രോജെക്ടിൽ , 50000/- രൂപ 21/03/2016 ന് ട്രഷറിയിൽ നിന്നും (ബിൽ നമ്പർ 2/15-16) പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക 21/03/2016 ന് തന്നെ ഡി.ഡി ആയി ( ഡി.ഡി നമ്പർ 914395) എം.ഡി . HOMCO , ക്ക കൈമാറിയിട്ടുണ്ട്. എന്നാൽ 50000/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറിക്ക് ( നം: 2/ 06-01-17) ലഭിച്ച മറുപടി പ്രകാരം HOMCO യിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല എന്നാണ് വിശദീകരിച്ചിട്ടുള്ളത്. 21/032016 ന് പേയ്മെന്റ് നടത്തിയിട്ടും ഇതു വരെ മരുന്ന് ലഭ്യമായിട്ടില്ല. 50000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ഹോമിയോ)

2015- 2016 ഹോമിയോ ഡിസ്പെൻസറിയിലേക്ക മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി125000 രൂപ താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്എന്നാൽ മരുന്ന്നാളിതുവരെ ലഭിച്ചിട്ടില്ല.

പ്രൊജക്റ്റ് നമ്പർ: 1/15-16 , 75000/- രൂപ 15/03/2016 ന് ട്രഷറിയിൽ നിന്നും (ബിൽ നമ്പർ 2/15-16) പിൻവലിച്ച് 19/03/2016 ന് ഡി.ഡി ആയി ( ഡി.ഡി നമ്പർ 914153) എം.ഡി . HOMCO , ക്ക കൈമാറിയിട്ടുണ്ട്. 07/04/2016 ന് HOMCO യുടെ കൈപ്പറ്റി രശീതി(രശീതി നമ്പർ. 1682) ലഭിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് നമ്പർ: 2 /15-16, 50000/- രൂപ 15/03/2016 ന് ട്രഷറിയിൽ നിന്നും (ബിൽ നമ്പർ 1/15-16) പിൻവലിച്ച് 19/03/2016 ന് ഡി.ഡി ആയി ( ഡി.ഡി നമ്പർ 914155) എം.ഡി . HOMCO , ക്ക കൈമാറിയിട്ടുണ്ട്.

07/04/2016 ന് HOMCO യുടെ കൈപ്പറ്റി രശീതി(രശീതി നമ്പർ. 1681) ലഭിച്ചിട്ടുണ്ട്.

എന്നാൽ ഇത് വരെ, മേൽ സൂചിപ്പിച്ച 2 പ്രോജെക്ടുകളിലായി ആവശ്യപ്പെട്ട മൊത്തം 125000/- രൂപയുടെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് ( നം: 3/ 07-01-17) ലഭിച്ച മറുപടി പ്രകാരം HOMCO യിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല എന്നാണ് വിശദീകരിച്ചിട്ടുള്ളത്. 125000 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,99,872 |
| തൻവർഷം നിക്ഷേപിച്ച തുക | 25,489 |
| ആകെ | 3,25,361 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,25,361 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | 2015-16 |
|---|---|
| നെടിയിരിപ്പ് സർവ്വീസ് സഹകരണ ബാങ്ക്A/C No.8352 | 3,25,361 |
| ആകെ | 3,25,361 |

4-6. ഓഡിറ്റ് റിക്കവറി

ഇല്ല

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,13,09,309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,53,55,459 |
| വരവിനങ്ങളിലുള്ള നഷ്ടം | 6477 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19949 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1749352 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 2518 | | ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) |
| -2-9 | 3959 | | ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-1 | | 4500 | ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-5 | | 15449 | ശ്രീ.ഷെരിഫ് എ ഇ(7725 രൂപ),ശ്രീ.മുഹമ്മദ്ബഷീർ, എ എക്സ് ഇ(7724 രൂപ) |
| ആകെ | 6477 | 19,949 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 49,352 | ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-6 | 17,00,000 | ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ആകെ | 1749352 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ . ആർ .അനിൽകുമാർ ,സെക്രട്ടറി (ഇൻ ചാർജ്ജ്) | ലഭ്യമല്ല | യദുകുലം ,എലിയോട് പി ഒ, കാക്കക്കോട്ടൂർ ,കൊല്ലം |
| ശ്രീ.ഷെരിഫ് അസി.എഞ്ചീനീയർ | ലഭ്യമല്ല | ചുണ്ടക്കാട് വീട്<br>വിളയിൽ പി ഒ<br>മലപ്പുറം 673641 |
| ശ്രീ.മുഹമ്മദ് ബഷീർ എ എക്സ്.ഇ | റിട്ട. | മിഹ്സെൻ<br>നെടിയിരിപ്പ്<br>കൊണ്ടോട്ടി |
| | | |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1)നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 8 | |
| 1998- 99 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 6 | |
| 2000-01 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| 2009-10 2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011 -12 2012-13 | എൽ.എഫ്.എം.7/685/15 തി:10.04.15/28.04.15 | 12 | |
| 2013-14 2014-15 | എൽ.എഫ്.എം.7/1501/15 തി:13.08.2015 | 20 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |

| | | | |
|---|---|---|---|
| 1998- 99 | എൽ.എഫ്.എം.7/1693/03<br>തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03<br>തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04<br>തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04<br>തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07<br>തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07<br>തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07<br>തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10<br>തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10<br>തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10<br>തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2080/10<br>തി:20.04.2011 | 15 | |
| 2009 -10<br>2010-11 | എൽ.എഫ്.എം.6/380/13 തി:14.03.13 | 18 | |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1359/14<br>തി:08.01.15 | 15 | |
| 2013-14<br>2014-15 | എൽ.എഫ്.എം.6/1949/15<br>തി:15.09.15 | 17 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.25/165/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 07/02/2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടോട്ടി നഗരസഭയുടെ 2015-16 വർഷത്തെ നകാര്യ സ്റ്റേറ്റ്മെന്റ് വരവ് – ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ
2. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. റീജ്യണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ് , കോഴിക്കോട്
4. കാര്യാലയ പ്രതി.

**അനുബന്ധം-2**

# AUDIT CERTIFICATE

No.KSA/MPM/25/165/2017

Kerala State Audit Department
District Audit office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date: 07/02/2017

Certified that I have audited the Annual Financial Statement of Kondotty Municipality in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 295(4) of the Kerala Muncipality Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Kondotty Municipality for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

SeniorDeputy Director
Kerala State Audit Department
Malappuram

To

1. The Muncipal Secretary, Kondotty Municiaplity
2. The Director, Kerala State Audit Department, Thiruvananthapuram.
3. The Regional Joint Director, Kozhikode
4. Office Copy